**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5540** **13-08-2021 - ൽ മറുപടിയ്ക്ക്**

**മലബാർ ദേവസ്വത്തിലെ സാമ്പത്തിക പരാധീനത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | മലബാർ ദേവസ്വത്തിലെ ക്ഷേത്രങ്ങളിലെ പ്രവർത്തനങ്ങൾക്ക് കടുത്ത സാമ്പത്തിക പരാധീനതകൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ? | (ബി) | മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ഭൂരിഭാഗം ക്ഷേത്രങ്ങളും നിലവിൽ കടുത്ത സാമ്പത്തിക പ്രതിസന്ധിയാണ് നേരിടുന്നത്. കോവിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ സാമ്പത്തിക പ്രതിസന്ധിയിലായ ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പളവും മറ്റ് ആശ്വാസ ധനസഹായവും നൽകുന്നതിലേയ്ക്ക് വിവിധ ഘട്ടങ്ങളിലായി സർക്കാർ 49,12,13,000/- രൂപ അനുവദിച്ചിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡ് ഫണ്ടിൽ നിന്നും നൽകിയ തുകയുടെയും സർക്കാർ ഫണ്ടിൽ നിന്നും നൽകിയ തുകയുടെയും പട്ടിക തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### മലബാർ ദേവസ്വം ബോർഡ് ഫണ്ടിൽ നിന്നും അനുവദിച്ച തുക

| ക്രമ നം | ഇനം | തുക |
|---|---|---|
| 1. | ക്ഷേത്രജീവനക്കാർക്ക് ശമ്പള ധനസഹായം നൽകുന്നതിന് | 3,20,00,000/- |
| 2. | ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള ജീവനക്കാർക്ക് ആശ്വാസ ധനസഹായമായി 2500/- രൂപ വീതം അനുവദിക്കുന്നതിന് | 1,00,00,000/- |
| 3. | ക്ഷേത്രജീവനക്കാരുടെ ശമ്പള ധനസഹായത്തിന് സർക്കാർ ഗ്രാന്റ് തികയാതെ വന്നതിനാൽ, പ്രത്യേക സാമ്പത്തിക സഹായം. | 5,00,00,000/- |
| 4. | മലബാർ ദേവസ്വം മാനേജ്മെന്റ് ഫണ്ടിൽ നിന്നും ധനസഹായം ലഭിക്കാത്ത ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് 2020-ലെ ഓണം ഉത്സവബത്ത അനുവദിക്കുന്നതിന് | 61,00,000/- |
| 5. | സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്ന ക്ഷേത്രങ്ങളിലെ നിത്യനിദാന ചിലവുകൾക്ക് മാത്രമായി. | 77,80,000/- |
| | **ആകെ:** | **10,58,80,000/-** |
| | **സർക്കാർ ഫണ്ടിൽ നിന്നും അനുവദിച്ച തുക** | |
| 1. | സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്ന ക്ഷേത്ര ജീവനക്കാർക്ക് ശമ്പള മറ്റ് ധനസഹായവും അനുവദിക്കുന്നതിന് | 20,00,00,000/- |
| 2. | 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഗ്രാന്റ്-ഇൻ-എയ്ഡ്-സാലറി ശീർഷകത്തിൽ നിന്നും അനുവദിച്ചത് | 17,30,07,500/- |
| 3. | 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഗ്രാന്റ്-ഇൻ-എയ്ഡ്-സാലറി ശീർഷകത്തിൽ നിന്നും അനുവദിച്ചത് | 11,82,05,500/- |
| | **ആകെ:** | **49,12,13,000/-** |
| | **ഗ്രാന്റ് ടോട്ടൽ (10,58,80,000+49,12,13,000)** | **59,70,93,000/-** |

സെക്ഷൻ ഓഫീസർ.